**പതിനാലാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.979 — 06.06.2018 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്നതും തടയുവാൻ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്നതും തടയുവാൻ വനം വകുപ്പ് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>• വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>• വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>• പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>• സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>• പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>• വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>• വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം |

അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.
- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) ഈ സർക്കാർ കാലയളവിൽ ആന/മാൻ/കുരങ്ങ്/മ്ലാവ്/കാട്ടുപന്നി/മുള്ളൻ പന്നി തുടങ്ങി വന്യജീവികൾ നടത്തിയ വിള നശീകരണം, വീട്ടുനശീകരണം , മനുഷ്യർക്കെതിരെ നടത്തിയ ആക്രമണം , കൊലപ്പെടുത്തലുകൾ തുടങ്ങിയവ സംബന്ധിച്ച് എത്ര കേസുകൾ വനം വകുപ്പ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ആന/മാൻ/കുരങ്ങ്/മ്ലാവ്/കാട്ടുപന്നി/മുള്ളൻ പന്നി തുടങ്ങി വന്യജീവികൾ നടത്തിയ വിള നശീകരണം, വീട്ടുനശീകരണം, മനുഷ്യർക്കെതിരെ നടത്തിയ ആക്രമണം, കൊലപ്പെടുത്തലുകൾ എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 16,719 അപേക്ഷകൾ വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(സി) ഓരോ കേസ്സിലുമായി എത്ര തുകയുടെ നാശനഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) ഉത്തരം (ബി)യിൽ പരാമർശിച്ചിരിക്കുന്ന അപേക്ഷകളിൽ ആകെ 18,39,11,497/- രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത നാശ നഷ്ടത്തിന് വിധേയരായവരിൽ എത്രപേർക്ക് സഹായം നല്കി, എത്ര പേർക്ക് നല്കുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(ഡി) പ്രസ്തുത നാശ നഷ്ടത്തിന് വിധേയരായവരിൽ 15,884 അപേക്ഷകൾ ഇതിനകം തീർപ്പ് കല്പിച്ചിട്ടുണ്ട്. 835 അപേക്ഷകൾ ഇനിയും തീർപ്പ് കല്പിക്കാനുണ്ട്.

സെക്ഷൻ ഓഫീസർ.